**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2770** **18-03-2022 - ൽ മറുപടിയ്ക്ക്**

**പുനലൂർ മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **null**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരം ലഭ്യമാക്കാമോ; | (എ) | ഭൂരഹിതർ - 85, ഭവനരഹിതർ - 209. |
| (ബി) | ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനായി നിലവിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനാവകാശ നിയമം, ലാന്റ് ബാങ്ക് പദ്ധതി, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായാണ് ഭൂമി വിതരണം ചെയ്യുന്നത്. ഇതു കൂടാതെ ലൈഫ് മിഷൻ മുഖേനയും ഭൂരഹിതരായവർക്ക് ഭൂമിയും വീടും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. ടി.ആർ.ഡി.എം. മുഖേന ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി അനുവദിക്കുന്നവർക്ക് ടി.ആർ.ഡി.എം. മുഖേന തന്നെ ഭവന നിർമ്മാണ ധനസഹായവും അനുവദിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പുനലൂർ മണ്ഡലത്തിലെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയും വീടും ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ? | (സി) | പുനലൂർ മണ്ഡലത്തിലെ ഉൾപ്പെടെ ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ